**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 28

# വാർത്താക്കുറിപ്പ്

---

## ജല ശുദ്ധീകരണ മേഖലയിലെ ഗവേഷണം: സ്വീഡിഷ് സർവ്വകലാശാലയുമായി കൈകോർത്ത് എം.ജി.

ശുദ്ധജലം കിട്ടാക്കനിയായ ഇന്ത്യയിലെ വിദൂര ഗ്രാമങ്ങളിൽ വികേന്ദ്രീകൃതവും സ്വാശ്രിതവുമായ ജലശുദ്ധീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങളും പദാർത്ഥങ്ങളും വികസിപ്പിച്ചെടുക്കുന്നതിൽ സംഭവിച്ചിട്ടുള്ള ഗവേഷണപരമായ പോരായ്മകളും തുടർ ഗവേഷണങ്ങളുടെ അപര്യാപ്തതയും പുതിയ ഗവേഷണങ്ങൾക്കുള്ള സാധ്യതകളും കണ്ടെത്തുന്നതിന് ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശമനുസരിച്ച് സ്വീഡനിലെ സ്റ്റോക്ക്ഹോം സർവ്വകലാശാല നേതൃത്വം നൽകുന്ന പഠനപരിപാടിയിലേക്ക് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉൾപ്പെടെയുള്ള വിദഗ്ധർക്കും ക്ഷണം. സ്റ്റോക്ക്ഹോം സർവ്വകലാശാലയാണ് പോളിമർ-നാനോ സയൻസ് രംഗത്തെ അറിയപ്പെടുന്ന ശാസ്ത്രജ്ഞൻ കൂടിയായ പ്രൊഫ. സാബു തോമസ്, പ്രൊഫ. നന്ദകുമാർ കളരിക്കൽ, ഡോ. നിവേദിത ശങ്കർ, ഡോ. ക്രിസ്റ്റഫർ ഗുണ എന്നീ ഗവേഷകരുടെ സേവനം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. സ്റ്റോക്ക്ഹോം സർവ്വകലാശാലയിലെ പ്രൊഫ. അജി പി മാത്യുവാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. ന്യൂഡൽഹി ആസ്ഥാനമായ ദി എനർജി ആന്റ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ (ടി.ഇ.ആർ.ഐ.) നിന്നുള്ള ഡോ. വിദ്യാ ബത്ര, ഡോ. സൗമിക് ഭട്ടാചാര്യ എന്നിവരും ഇതിൽ പങ്ക് ചേരുന്നുണ്ട്.

ചിലവ് കുറഞ്ഞ രീതികൾക്കും സുസ്ഥിര മാതൃകകൾക്കും പ്രധാന്യം നൽകിക്കൊണ്ട് ജലശുദ്ധീകരണത്തിനായി ഇന്ന് ഉപയോഗിച്ച് വരുന്ന ഉപകരണങ്ങൾക്കും സങ്കേതങ്ങൾക്കും പകരം വയ്ക്കാവുന്ന സംവിധാനങ്ങൾ പ്രാദേശികമായ പ്രത്യേകതകൾക്ക് അനുയോജ്യമായ വിധം വാർത്തെടുക്കുന്നതിന് ലക്ഷ്യമിടുന്നതാണ് പഠന-ഗവേഷണ പദ്ധതി.

ജല മാലിന്യങ്ങളെ നീക്കം ചെയ്ത് ശുദ്ധീകരിക്കുന്നതിനുപയോഗിക്കുന്ന പ്രത്യേക രാസ പദാർത്ഥങ്ങളുടെ കാര്യത്തിലും പ്രകാശ തന്മാത്രകളുപയോഗിച്ചുള്ള ജലശുദ്ധീകരണ സങ്കേതങ്ങൾക്കായി അർദ്ധ ചാലക വസ്തുക്കളെ വികസിപ്പിച്ചെടുക്കുന്ന കാര്യത്തിലുമുള്ള ഗവേഷണങ്ങളിൽ നിർണായക സംഭാവനകൾ നൽകിയിട്ടുള്ളവരെയാണ് വിദഗ്ധ സമിതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

(പി.ആർ.ഒ./39/510/2022)

## പ്രഭാഷണം ഇന്ന് (ഏപ്രിൽ 29)

മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയുടെ ഭാഗമായി സർവ്വകലാശാല പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത് സംസാരിക്കുന്നു. ഇന്ന് (ഏപ്രിൽ 29) വൈകിട്ട് 7.30 ന് ഫെയ്സ്ബുക്ക് ലൈവിൽ 'കീ - ടു ഹാപ്പിനെസ്" എന്നതാണ് വിഷയം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 9446238800 (മിനി ജി. പിള്ള), 9846496323 (ഡോ. വിമൽകുമാർ വി.)

(പി.ആർ.ഒ./39/511/2022)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. - മെഡിക്കൽ ഡോക്യുമെന്റേഷൻ (നോൺ-സി.എസ്.എസ്. - റെഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷ 160 രൂപ ഫീസ് സഹിതം മെയ് പത്ത് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/512/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ